**Institute of Human Resources Development**
**Prajo'e Towers, Vazhuthacaud,**
**Thiruvananthapuram-14**

## PROCEEDINGS

IHRD – Onam Advance to Government employees and part time contingent employees for 2015– Sanctioned by Government – extended to IHRD employees - Orders issued.

---

*No.EB3/11106/2014/HRD (2)* *Dated, Thiruvananthapuram, 13th August 2015*

---

**Read:** *G.O (P) No.338/2015/Fin dated 07.08.2015*

## ORDER

The payment of Onam advance of Rs.10,000/- sanctioned to State Government employees and Rs. 2000/- sanctioned to part time contingent employees as per order read is extended to the regular IHRD employees on the same terms and conditions mentioned therein. The advance will be recovered in 5 equal monthly instalments from the salary for the month of September 2015 onwards. The advance will be disbursed from 20.08.2015 as ordered in Government Order.

*Sd/-*
*Dr.K. Vijayakumar*
*DIRECTOR (i/c)*

**To**

1) *All Head of Institutions (along with copy of Government Order)*
2) *Deputy Director*
3) *Finance Officer*
4) *Administrative Officer*
5) *All Section Heads in IHRD Headquarters*
6) *Finance (B) Section*
7) *S.F*
8) *O.C*

*Forwarded / By Order*

*Office Superintendent*

*D…12.08.2015*

**കേരള സർക്കാർ**

**സംഗ്രഹം**

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പാർട്ട് ടൈം കണ്ടിജൻറ് എംപ്ലോയീസ്, എൻ.എം.ആർ/സി.എൽ.ആർ ഉൾപ്പെടെയുള്ള വിവിധ വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാർക്കും - 2015 ലെ ഓണം അഡ്വാൻസ് - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (ലോൺസ്) വകുപ്പ്

**സ.ഉ. (അച്ചടി) നം. 338/15/ധനം. തീയതി, തിരുവനന്തപുരം, 07.08.2015**

**പരാമർശം:** - 25.08.2014 ലെ സ.ഉ (അച്ചടി) നം. 368/14/ധനം.

## ഉത്തരവ്

സംസ്ഥാനത്തെ എല്ലാ സർക്കാർ ജീവനക്കാർക്കും 2015ലെ ഓണം അഡ്വാൻസായി 10,000/- രൂപ (പതിനായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. അഡ്വാൻസായി കുറഞ്ഞ തുക ആവശ്യമുള്ള ജീവനക്കാർക്ക് ആയിരത്തിന്റെ ഗുണിതങ്ങളായ തുകയായും പരമാവധി 10,000/- രൂപയിൽ നിജപ്പെടുത്തി അനുവദിച്ച് നൽകാവുന്നതാണ്. അഡ്വാൻസ് തുക ജീവനക്കാരുടെ ശമ്പളവും ബത്തകളും മാറി നൽകുന്ന ബന്ധപ്പെട്ട കണക്ക് ശീർഷകത്തിൽ നിന്നും പിൻവലിച്ച് വിതരണം ചെയ്യാവുന്നതും അഞ്ച് തുല്യ മാസ ഗഡുക്കളായി 2015 സെപ്റ്റംബർ മാസം മുതലുള്ള ശമ്പളത്തിൽ നിന്നും ഈടാക്കി തിരികെ ഒടുക്കേണ്ടതുമാകുന്നു.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 250(1) ലെ 1 മുതൽ 3 വരെ കുറിപ്പുകളിൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി താഴെപ്പറയുന്ന ജീവനക്കാർക്ക് 2,000/- രൂപ (രണ്ടായിരം രൂപ മാത്രം) നിരക്കിൽ ഓണം അഡ്വാൻസ് അനുവദിച്ച് ഉത്തരവാകുന്നു.

1. പാർട്ട് ടൈം കണ്ടിജൻറ് ജീവനക്കാർ.
2. എല്ലാ വകുപ്പുകളിലെയും എൻ.എം.ആർ/സി.എൽ.ആർ/സീസണൽ വർക്കർമാർ കൃഷി ഫാമുകളിലെ സ്ഥിരം വർക്കർമാർ.
3. സർക്കാർ വകുപ്പുകളിലെ സ്ഥിരം തൊഴിലാളികൾ .
4. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന റീജിയണൽ വർക്ക്ഷോപ്പുകളിലെ വർക്കർമാർ, ആലപ്പുഴയിലെ ഡ്രെഡ്ജർ ആൻറ് ഡ്രൈ-ഡോക്കിലെ വർക്കർമാർ.
5. കുടുംബാസൂത്രണ വോളണ്ടിയർ വർക്കർമാർ.

6. അങ്കൺവാടി വർക്കർമാർ, ഹെൽപ്പർമാർ.

7. കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ് എന്നിവിടങ്ങളിലെ സ്ഥിരം അല്ലാത്ത വർക്കർമാർ. ബന്ധപ്പെട്ട ലോക്കൽ ബോഡികൾ, കൃഷി വകുപ്പ് എന്നിവിടങ്ങളിലെ കോക്കനട്ട് സ്പ്രേയിങ് വർക്കർമാർ.

8. മൗണ്ടട് പോലീസ് വിംഗിലെ ഗ്രാസ്സ് കട്ടർമാർ.

തൊഴിലാളികൾക്ക് നാളിതുവരെ അനുവദിച്ച എല്ലാ അഡ്വാൻസുകളും പൂർണ്ണമായും തിരികെ ഈടാക്കിയിട്ടുളള പക്ഷം ബന്ധപ്പെട്ട ലേബർ യൂണിയന്റെ ഉറപ്പിൻമേൽ സ്ഥിരം ജോലിക്കാരുടെയോ സ്ഥിരമല്ലാത്ത ജോലിക്കാരുടെയോ കൂട്ടുത്തരവാദിത്തത്തിലായിരിക്കണം ഒരേ ഫാമിലെ തന്നെ ജോലിക്കാർക്ക് അഡ്വാൻസ് അനുവദിച്ച നൽകേണ്ടത്.

അഡ്വാൻസ് തിരിച്ചടവ് കാലയളവിൽ അതാത് ഫാം/ലോക്കൽ ബോഡിയിൽത്തന്നെ ജോലിയിൽ തുടരും എന്നുറപ്പുളള ജോലിക്കാർക്ക് മാത്രം അഡ്വാൻസ് അനുവദിക്കേണ്ടതാണ്. കോക്കനട്ട് സ്പ്രേയിങ് വർക്കർമാരുടെ അഡ്വാൻസ് തിരിച്ചടവ് നടത്തേണ്ടത് കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ അതാത് ലോക്കൽ ബോഡികളായിരിക്കും.

ലോക്കൽ ബോഡികളിലെ അതായത് മുൻസിപ്പൽ കോർപ്പറേഷനുകൾ, മുൻസിപ്പാലിറ്റികൾ, ഗുരുവായൂർ ടൗൺഷിപ്പ്, പഞ്ചായത്ത് എന്നിവിടങ്ങളിലെ സമാന വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് മേൽ സൂചിപ്പിച്ചിട്ടുളള നിരക്കിൽ നിബന്ധനകൾക്ക് വിധേയമായി ലോക്കൽ ബോഡികളുടെ സാമ്പത്തിക ശേഷിയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് അഡ്വാൻസ് അനുവദിക്കുന്ന കാര്യം ബന്ധപ്പെട്ട ലോക്കൽ ബോഡികൾക്ക് തന്നെ തീരുമാനിക്കാവുന്നതാണ്.

മുകളിൽ 1 മുതൽ 7 വരെ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും അഞ്ച് തുല്യ മാസ ഗഡുക്കളായും ആഴ്ച തോറും വേതനം കൈപ്പറ്റുന്ന എട്ടാമത്തെ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും 21 ആഴ്ച ഗഡുക്കളായും അഡ്വാൻസ് തുക തിരിച്ചു പിടിക്കേണ്ടതാണ്.

**20.08.2015** മുതൽ അഡ്വാൻസ് തുക പിൻവലിച്ച് വിതരണം ചെയ്യേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.വി. കലേശൻ**

**അഡീഷണൽ സെക്രട്ടറി(ധനകാര്യം)**

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ജി ആന്റ് എസ്.എസ്.എ),

തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (ഇ ആന്റ് ആർ.എസ്.എ) കേരളം, തിരുവനന്തപുരം

എല്ലാ വകുപ്പ് തലവൻമാർക്കും, ഓഫീസർമാർക്കും.

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

എല്ലാ യൂണിവേഴ്സിറ്റികളിലേയും രജിസ്ട്രാർമാർക്ക്

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.

സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.

മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻ സ്പോർട്ട് കോർപ്പറേഷൻ.

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.

എല്ലാ ഗവണ്മെന്റ് പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.

മുഖ്യമന്ത്രിയുടെയും , മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും.

സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

പ്രതിപക്ഷ നേതാവിന്റെയും ഗവണ്മെന്റ് ചീഫ് വിപ്പിൻെറയും പ്രൈവറ്റ് സെക്രട്ടറിമാർക്കും

പബ്ലിക്ക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.

ട്രഷറികളുടെ ഡയറക്ടർ, കേരളം, തിരുവനന്തപുരം.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.

മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ, കേരളം, തിരുവനന്തപുരം,

നോഡൽ ഓഫീസർ, ധനകാര്യം.

കരുതൽ ഫയൽ/ആഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Sreeja G.R

സെക്ഷൻ ഓഫീസർ